II. അറിയിപ്പ്

നിയമസഭാദിനം

[9.30.am] മി. സ്പീക്കർ : ഓഡർ, ഓഡർ..... കക്ഷിനേതാക്കൻമാരുടെ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് നിയമസഭാദിനം മേയ് 21, 22 തീയതികളിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ പരിപാടികൾ ഏറ്റവും കുറഞ്ഞ സാമ്പത്തികബാധ്യത വരുന്ന തരത്തിലായിരിക്കും സംഘടിപ്പിക്കുന്നത്. സാമ്പത്തിക ബാധ്യത ഇല്ലാതാക്കാനാണ് നോക്കുന്നത്. നിയമസഭാദിനാഘോഷപരിപാടികളിൽ പങ്കാളിത്തം ഉറപ്പുവരുത്താൻ നമ്മൾ പരമാവധി ശ്രദ്ധിക്കണം. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള കക്ഷിനേതാക്കളും മറ്റ് എല്ലാ അംഗങ്ങളും മേയ് 21, 22 തീയതികൾ ഇതിനുവേണ്ടി മാറ്റിവയ്ക്കണം. സ്പോർട്സ്, ഗെയിംസ് എന്നീ ഇനങ്ങൾ 21-ാം തീയതി രാവിലെ 9.00 മണിക്ക് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ ആരംഭിക്കും, ഇത് സംഘടിപ്പിക്കുന്നത് സ്പോർട്സ് ഡയറക്ടറുടെയും മറ്റും മേൽനോട്ടത്തിലാണ്. 21-ാം തീയതി വൈകിട്ട് സാംസ്കാരിക സമ്മേളനം, കുട്ടികളുടെ കലാപരിപാടികൾ, നിയമസഭാംഗങ്ങളും മന്ത്രിമാരും പങ്കെടുക്കുന്ന ഗാനമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്. മേയ് 22-ാം തീയതി കുട്ടികളുടെ വിവിധ മത്സരങ്ങൾ, "നിയമസഭയും മാധ്യമങ്ങളും" എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു സെമിനാർ എന്നിവ ഉണ്ടായിരിക്കും. അന്ന് വൈകിട്ട് പൊതുസമ്മേളനം, കവിയരങ്ങ്, എം.എൽ.എ.മാർ തന്നെ എഴുതി സംവിധാനംചെയ്ത നാടകം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. ഇതിനോട് അനുബന്ധിച്ചുള്ള പരിപാടികളെല്ലാം വിജയിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള സബ്കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. മത്സരങ്ങളിലും മറ്റ് കലാപരിപാടികളിലും പങ്കെടുക്കുന്നതുസംബന്ധിച്ചുള്ള വിശദാംശം നിയമസഭാ സെക്രട്ടേറിയറ്റ് അറിയിക്കുന്നതാണ്. അതിനുള്ള സമ്മതം പ്രകടിപ്പിക്കുന്ന രൂപത്തിൽ ഫാറം പൂരിപ്പിച്ച് കൊടുക്കണം. ഇത്രയും കാര്യങ്ങളാണ് അറിയിക്കാനുള്ളത്.

III. അടിയന്തിരപ്രമേയം

ജൂനിയർ ഡോക്ടർമാരുടെ സമരത്തെത്തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലനിൽക്കുന്ന ശോച്യാവസ്ഥ

മി. സ്പീക്കർ : മെഡിക്കൽകോളേജുകളിൽ ജൂനിയർ ഡോക്ടർമാരുടെ സമരത്തെത്തുടർന്ന് ഉളവായിട്ടുള്ളതായി പറപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ജി. കാർത്തികേയൻ, സി.ടി. അഹമ്മദ് അലി, മാമ്മൻ മത്തായി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഇവിടെത്തന്നെ ഇതു സംബന്ധിച്ച് ചർച്ചചെയ്തതാണ്. നോട്ടീസിൽ പറഞ്ഞിരിക്കുന്നകാര്യം, ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ച വിജയിച്ചുവെങ്കിലും അത് പ്രഹസന

LIBRARY ARCHIVES Kerala Legislative Assembly